പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2521 — 14/06/2019 ൽ മറുപടിക്ക്

## ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികളുടെ രൂപരേഖ

ചോദ്യം — മറുപടി

**ശ്രീ.വി.ഡി.സതീശൻ**

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർത്തുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിനെ സുപ്രീംകോടതി നിയമിച്ച എംപവേർഡ് കമ്മിറ്റി വിമർശിച്ചിട്ടുണ്ടോ; | (എ) | ബഹു സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റി ശബരിമല മാസ്റ്റർ പ്ലാനിനു വിരുദ്ധമായി എന്തെങ്കിലും നിർമ്മാണം നടത്തിട്ടുണ്ടെങ്കിൽ ആയത് നീക്കം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. |
| (ബി) | ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദമായ രൂപരേഖ സമർപ്പിക്കുവാൻ സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും | ഇല്ല. എന്നാൽ ശബരിമലയിലെ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹു സുപ്രീം കോടതിയിൽ ഫയൽ ചെയ്ത ഒരു കേസുമായി ബന്ധപ്പെട്ട് ശബരിമലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ആവശ്യപ്പെടുകയും അതു പ്രകാരമുള്ള വിശദാംശങ്ങൾ സുപ്രീം കോടതിയിൽ നൽകുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചുള്ള ശബരിമലയുടെ വികസന പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഗവേണിംഗ് ബോഡിയും പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇംപ്ലിമെന്റേഷൻ കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ രൂപരേഖ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത രൂപരേഖ സമർപ്പിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ശബരിമലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ